REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 06-11-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- കാസർഗോഡ് നീലേശ്വരം വെടിക്കെട്ടപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 4 ലക്ഷം രൂപ വീതം അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.
- സംസ്ഥാനത്ത് ഉപതെരഞ്ഞെടുപ്പ് പ്രചാരണം പുരോഗമിക്കുന്നു. പ്രമുഖ നേതാക്കൾ പ്രചാരണ രംഗത്ത്.
- മൂന്നാമത് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് കാമ്പയിന് ഇന്ന് തുടക്കം.
- 47-ാമത് US പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വോട്ടെണ്ണൽ പുരോഗമിക്കുന്നു.
- സംസ്ഥാന സ്കൂൾ കായികമേളയിൽ രണ്ടാം ദിവസവും തിരുവനന്തപുരം മുന്നേറുന്നു.

## വാർത്തകൾ വിശദമായി

കാസർഗോഡ് നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർകാവ് ഭഗവതി ക്ഷേത്രത്തിൽ കളിയാട്ടത്തിനിടെ മരിച്ചവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 4 ലക്ഷം രൂപ വീതം അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

ഷൊർണ്ണൂർ റെയിൽവേ പാലത്തിൽ ശുചീകരണ പ്രവർത്തനത്തിനിടെ ട്രെയിൻ തട്ടി മരിച്ച തമിഴ്നാട് സേലം സ്വദേശികളുടെ ആശ്രിതർക്ക് മൂന്ന് ലക്ഷം രൂപ വീതവും അനുവദിക്കും.

ജസ്റ്റിസ് V.K മോഹനൻ അന്വേഷണ കമ്മീഷന്റെ കാലാവധി ആറ് മാസത്തേക്കു കൂടി നീട്ടാനും മന്ത്രിസഭായോഗത്തിൽ തീരുമാനമായി.

✪✪✪

**സംസ്ഥാനത്ത് ഉപതെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. പാലക്കാട് ഒഴികെ മണ്ഡലങ്ങളിൽ വോട്ടെടുപ്പിന് ഒരാഴ്ച മാത്രം ശേഷിക്കെ ശക്തമായ പ്രചാരണമാണ് നടക്കുന്നത്. വയനാട് ലോകസഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും പരസ്യ പ്രചാരണം അടുത്ത തിങ്കളാഴ്ച വൈകിട്ട് അവസാനിക്കും.**

✪✪✪

**കോൺഗ്രസ് വനിതാ നേതാക്കൾ താമസിച്ച ഹോട്ടൽമുറികളിൽ നടന്ന പോലീസ് പരിശോധനയുമായി ബന്ധപ്പെട്ട രാഷ്ട്രീയ വിവാദമാണ് നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട്ടെ പ്രചാരണ രംഗത്തെ ഇപ്പോൾ ചൂട് പിടിപ്പിച്ചിരിക്കുന്നത്.**

**ആകാശവാണി പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്...**

**............(വോയ്സ്)......................**

✪✪✪

**കേട്ടുകേൾവി ഇല്ലാത്ത സംഭവങ്ങൾ ആണ് പാലക്കാട് നടന്നതെന്ന് AICC ജനറൽ സെക്രട്ടറി K.C. വേണുഗോപാൽ പറഞ്ഞു. സ്ത്രീകൾ താമസിക്കുന്നിടത്ത് വനിത പൊലീസ് ഇല്ലാതെ റെയ്ഡിന് ചെല്ലാൻ പൊലീസ് എന്തിനാണ് തയ്യാറായതെന്നും, എവിടെ നിന്നാണ് പാതിരാത്രി റെയ്ഡ് നടത്താൻ ഉത്തരവ് വന്നതെന്നും അദ്ദേഹം മലപ്പുറത്ത് ചോദിച്ചു.**

✪✪✪

**സംസ്ഥാനത്തെ ഉപതിരഞ്ഞെടുപ്പ് അട്ടിമറിയ്ക്കാൻ CPIM ഉം BJP യും ഗൂഢാലോചന നടത്തുകയാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ ആരോപിച്ചു. അഴിമതിയുടെ പണപ്പെട്ടി കൈവശമിരിക്കുന്നവരാണ് പാലക്കാട്ട് കോൺഗ്രസ് നേതാക്കൾ താമസിച്ച ഹോട്ടൽ റെയ്ഡ് ചെയ്തതെന്ന് സതീശൻ പറഞ്ഞു.കോൺഗ്രസിലെ വനിതാ നേതാക്കളുടെ ആത്മാഭിമാനത്തെയാണ് പരിശോധനയിലൂടെ ചോദ്യം ചെയ്തത്. ഇത് ചരിത്രത്തിൽ ഉണ്ടാകാത്തതാണെന്നും, M B രാജേഷ് ആണ് ഈ നീക്കത്തിനു പിന്നിലെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു.**

✪✪✪

**കള്ളപ്പണം ഉണ്ടാക്കുന്നതും സൂക്ഷിക്കുന്നതും പിണറായി വിജയന്റെ പാർട്ടിയും K സുരേന്ദ്രന്റെ BJP യുമാണെന്ന് KPCC പ്രസിഡണ്ട് K സുധാകരൻ പറഞ്ഞു. പാലക്കാട്ടെ അനാവശ്യ പരിശോധനയിൽ പൊലീസിനെതിരെ നടപടിയെടുക്കണമെന്ന് കോടതിയിൽ ആവശ്യപ്പെടുമെന്ന് സുധാകരൻ പാലക്കാട്ട് പറഞ്ഞു. അനധികൃത പണമില്ലെങ്കിൽ എന്തിനാണ് റെയ്ഡിനെ**

എതിർക്കുന്നതെന്ന T.P രാമകൃഷ്ണന്റെ ചോദ്യം ശുദ്ധ അസംബന്ധമാണെന്നും സുധാകരൻ അഭിപ്രായപ്പെട്ടു.

✪✪✪

കോൺഗ്രസ് നേതാക്കൾ താമസിച്ച പാലക്കാട് ഹോട്ടലിൽ നടന്ന റെയ്ഡ്, ഇന്റലിജൻസ് വിവരത്തിന്റെ അടിസ്ഥാനത്തിലാണെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K.സുരേന്ദ്രൻ പറഞ്ഞു. എന്നാൽ, കള്ളപ്പണ ഇടപാടിനെ സംബന്ധിച്ച അന്വേഷണം പൊലീസ് ഉചിതമായ രീതിയിലല്ല നടത്തിയതെന്ന് സുരേന്ദ്രൻ പാലക്കാട്ട് ആരോപിച്ചു.

✪✪✪

ആളെ കൂട്ടി കോൺഗ്രസ്, പൊലീസ് റെയ്ഡ് അട്ടിമറിച്ചെന്ന് മന്ത്രി M.B രാജേഷ് കുറ്റപ്പെടുത്തി. രണ്ട് വനിതാ നേതാക്കളുടെ മുറികൾ മാത്രമല്ല പൊലീസ് പരിശോധിച്ചതെന്നും, എല്ലാ രാഷ്ട്രീയ നേതാക്കളുടെയും മുറികളിൽ പരിശോധന നടത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

പൊലീസിനു കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പാലക്കാട്ടെ റെയ്ഡെന്ന് ജില്ലാകളക്ടർ അറിയിച്ചു. തുടരന്വേഷണം പൊലീസ് തന്നെ നടത്തുമെന്നും അവർ പറഞ്ഞു.

✪✪✪

വയനാട് പാർലമെന്റ് മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് പ്രചാരണം കൂടുതൽ സജീവമായി.

LDF സ്ഥാനാർഥി സത്യൻ മൊകേരിയുടെ പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ കൽപ്പറ്റയിലെത്തി. മുക്കം, എടവണ്ണ എന്നിവിടങ്ങളിലും അദ്ദേഹം പൊതുയോഗങ്ങളിൽ പ്രസംഗിക്കും. മന്ത്രിമാരും LDFന്റെ പ്രമുഖ നേതാക്കളും ജില്ലയിൽ എത്തിയിട്ടുണ്ട്.

UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധിയുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജ്ജുൻ ഖാർഗെ നാളെ നിലമ്പൂർ ചന്തക്കുന്നിലെത്തും. പ്രിയങ്ക വെള്ളി, ശനി ദിവസങ്ങളിൽ മൂന്നാംഘട്ട പ്രചാരണം നടത്തും.

NDA സ്ഥാനാർഥി നവ്യ ഹരിദാസിന്റെ തെരഞ്ഞെടുപ്പ് പ്രചാരണം ഇന്ന് നിലമ്പൂർ മണ്ഡലത്തിലാണ്. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ശനിയാഴ്ച വിവിധ കേന്ദ്രങ്ങളിൽ പ്രചാരണം നടത്തും.

✪✪✪

✪✪✪

ചേലക്കര മണ്ഡലത്തിൽ പ്രചാരണം അവസാന ദിവസങ്ങളിലേക്ക് അടുക്കുമ്പോൾ മുതിർന്ന നേതാക്കളാണ് സ്ഥാനാർത്ഥികൾക്കൊപ്പം ജനങ്ങളെ നേരിട്ടുകണ്ട് വോട്ടുകൾ തേടുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.

............(വോയ്സ്)..................

✪✪✪

മൂന്നാമത് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് കാമ്പയിന് ഇന്ന് തുടക്കം. കേന്ദ്ര സഹമന്ത്രി ഡോ.ജിതേന്ദ്ര സിംഗ് ന്യൂഡൽഹിയിൽ കാമ്പയിൻ ഉദ്ഘാടനം ചെയ്യും. പെൻഷൻ ആൻഡ് പെൻഷനേഴ്സ് വെൽഫെയർ വകുപ്പ് രാജ്യത്തെ 800 നഗരങ്ങളിലും ജില്ലകളിലും സംഘടിപ്പിക്കുന്ന കാമ്പയിൻ ഈ മാസം 30 വരെ തുടരും.

✪✪✪

ഈ വർഷത്തെ ഗോവ രാജ്യാന്തര ചലച്ചിത്ര മേളയിൽ നാല് സിനിമാ ഇതിഹാസങ്ങളെ ആദരിക്കും. രാജ്കപൂർ, തപൻസിൻഹ, അക്കിനേനി നാഗേശ്വരറാവു, മുഹമ്മദ് റഫി എന്നിവർ ഇന്ത്യൻ ചലച്ചിത്രത്തിന് നൽകിയ പൈതൃകത്തിന് ആദരമർപ്പിക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

✪✪✪

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി ഡോ. L.മുരുഗൻ ഇന്ന് കേരളത്തിലെത്തും. രാത്രി കൊച്ചിയിലെത്തുന്ന അദ്ദേഹം നാളെ ഗുരുവായൂർ ഉൾപ്പെടെ ക്ഷേത്രങ്ങൾ സന്ദർശിച്ച ശേഷം തമിഴ്നാട്ടിലേക്ക് തിരിക്കും. വെള്ളിയാഴ്ച തേനിയിലും നാമക്കലിലും വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.

✪✪✪

47-ാമത് യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വോട്ടെണ്ണൽ പുരോഗമിക്കുന്നു. ആദ്യ ഫലസൂചനകൾ അനുസരിച്ച് റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപാണ് മുന്നേറുന്നത്. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ട്രംപിന് 248 ഇലക്ടറൽ വോട്ടുകളും ഡെമോക്രാറ്റിക് സ്ഥാനാർത്ഥി കമലാ ഹാരിസിന് 214 ഇലക്ടറൽ വോട്ടുകളുമാണ് ലഭിച്ചത്.

✪✪✪

47-ാമത് യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വോട്ടെണ്ണൽ പുരോഗമിക്കുന്നു. ആദ്യ ഫലസൂചനകൾ അനുസരിച്ച് റിപ്പബ്ലിക്കൻ

സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപാണ് മുന്നേറുന്നത്. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ട്രംപിന് 248 ഇലക്ടറൽ വോട്ടുകളും ഡെമോക്രാറ്റിക് സ്ഥാനാർത്ഥി കമലാ ഹാരിസിന് 214 ഇലക്ടറൽ വോട്ടുകളുമാണ് ലഭിച്ചത്.

✪✪✪

കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസിൽ പങ്കെടുക്കാൻ സ്പീക്കർ AN ഷംസീർ ഓസ്ട്രേലിയയിലെത്തി. കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരാണ് സിഡ്നിയിലെ യോഗത്തിൽ പങ്കെടുക്കുന്നത്.

✪✪✪

സംസ്ഥാനത്ത് സ്വകാര്യ ബസുകൾക്ക് 140 കിലോമീറ്ററിൽ കൂടുതൽ ദൂരത്തിൽ പെർമിറ്റ് അനുവദിക്കേണ്ടെന്ന വ്യവസ്ഥ ഹൈക്കോടതി റദ്ദാക്കി. സ്വകാര്യ ബസുകൾക്ക് 140 കിലോമീറ്റർ ദൂരത്തിൽ മാത്രം പെർമിറ്റ് നൽകിയാൽ മതിയെന്ന മോട്ടോർ വാഹന സ്കീമിലെ വ്യവസ്ഥയാണ് ഹൈക്കോടതി റദ്ദാക്കിയത്. സ്വകാര്യ ബസുടമകൾ സമർപ്പിച്ച ഹർജിയിലാണ് കോടതിയുടെ ഉത്തരവ്.

✪✪✪

സംസ്ഥാന സ്കൂൾ കായികമേളയിൽ രണ്ടാം ദിവസവും തിരുവനന്തപുരം മുന്നേറുന്നു. ഗെയിംസ് ഇനങ്ങളിൽ 709 പോയിന്റുമായി അവർ ഒന്നാം സ്ഥാനത്തുണ്ട്. 383 പോയിന്റുമായി തൃശൂർ രണ്ടാം സ്ഥാനത്തും, 363 പോയിന്റുമായി കണ്ണൂർ മൂന്നാം സ്ഥാനത്തുമാണ്.

✪✪✪

തിരുവനന്തപുരത്ത് നടക്കുന്ന രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരള - ഉത്തർപ്രദേശ് മത്സരം പുരോഗമിക്കുന്നു. ടോസ് നേടിയ കേരളം ഫീൽഡിങ് തെരഞ്ഞെടുത്തു.

ഒന്നാം ഇന്നിങ്സ് ബാറ്റിംഗിന് ഇറങ്ങിയ ഉത്തർപ്രദേശ് ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ 5 വിക്കറ്റ് നഷ്ടത്തിൽ 81 റൺസ് എടുത്തിട്ടുണ്ട്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിലെ രണ്ടാം സെമിയിൽ കോഴിക്കോട്ട് ഇന്ന് കണ്ണൂർ വാരിയേഴ്സ് - ഫോഴ്സ കൊച്ചിയുമായി ഏറ്റുമുട്ടും. ഇതിലെ വിജയികളായിരിക്കും ഞായറാഴ്ച ഫൈനലിൽ കാലിക്കറ്റ് FC യുടെ എതിരാളികൾ.

ഇന്നലെ കാലിക്കറ്റ് FC കോഴിക്കോട്ട് തിരുവനന്തപുരം കൊമ്പൻസിനെ തോൽപ്പിച്ച് ഫൈനലിൽ എത്തിയിരുന്നു.

✪✪✪

ISL ഫുട്ബോളിൽ FC ഗോവ ഇന്ന് പഞ്ചാബ് FC യെ നേരിടും. വൈകീട്ട് 7.30 ന് ഗോവയിലാണ് മത്സരം.

✪✪✪

കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് പഞ്ചായത്തിൽ രൂക്ഷമായ കാട്ടാന ശല്യം തടയാൻ തൂക്കുവേലി നിർമ്മാണം ആരംഭിച്ചു. ജനവാസ മേഖലയെ സംരക്ഷിക്കുന്നതിനാണ് തൂക്കുവേലിയുടെ നിർമ്മാണം.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ....

....(വോയ്സ്)....

✪✪✪

സംസ്ഥാനത്ത് തുലാവർഷം ശക്തിപ്രാപിക്കുന്നു, വരും ദിവസങ്ങളിൽ ഇടിമിന്നലോടെ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മൂന്ന് ചക്രവാതച്ചുഴികളുടെ സാന്നിധ്യം കേരളത്തിൽ മഴ ശക്തമാക്കുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം.

എന്നാൽ ഇന്ന് ഒരു ജില്ലയിലും മഴ മുന്നറിയിപ്പ് നൽകിയിട്ടില്ല. മീൻ പിടുത്തത്തിനും വിലക്കില്ല.

✪✪✪

കൽപ്പാത്തി രഥോത്സവത്തിന് നാളെ കൊടിയേറും. ഇതോടനുബന്ധിച്ച് പാലക്കാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സംഘടിപ്പിക്കുന്ന ദേശീയ സംഗീതോത്സവം ഇന്നാരംഭിക്കും.

✪✪✪

സ്വർണ്ണവില വർധിച്ചു. പവന് 80 രൂപ കൂടി 58,920 ലെത്തി. 7,365 രൂപയാണ് ഗ്രാമിന്.

✪✪✪